<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5440 — 27.03.2018 -ൽ മറുപടിയ്ക്ക്

<u>ഗ്രാമീണ ആഴ്ച ചന്തകളും കർഷകമിത്ര പദ്ധതിയും</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പും കുടുംബശ്രീയും ചേർന്നുള്ള ഗ്രാമീണ ആഴ്ച ചന്തകൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വീട്ടുവളപ്പിലും ചെറുകിട കൃഷി യിടങ്ങളിലും ഉല്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിൽക്കു ന്നതിനുള്ള വിപണി സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;<br><br>(സി) കാർഷികോല്പന്നങ്ങളുടെ മാർക്കറ്റിംഗ് സംവിധാനം ശക്തി പ്പെടുത്തുന്നതിനുള്ള കർഷകമിത്ര പദ്ധതി നിലവിൽ വന്നിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ബി) & (സി) ഉണ്ട്. തൃശ്ശൂർ ജില്ലയിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് കർഷകമിത്ര പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br><br>കാർഷികോല്പന്നങ്ങളുടെ വിപണിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ്, കർഷകർ , വിപണികൾ, ഉപഭോക്താക്കൾ എന്നിവരെ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി കർഷകമിത്ര പ്രവർത്തിക്കുന്നു. ഉല്പാദനം , സംഭരണം വീടുകളിൽ മിച്ചം വരുന്ന ഉല്പന്നങ്ങളുടെ വിപണനം എന്നിവ കൂടാതെ പ്രാദേശിക ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കർഷക മിത്ര സഹായിക്കുന്നു. വീടുകൾ, കൃഷിയിടങ്ങൾ എന്നിവ കർഷക മിത്ര സന്ദർശിച്ച് ഉല്പാദനവുമായി ബന്ധപ്പെട്ട വിവരങ്ങൾ പോർട്ടൽ മുഖേന കൃഷി വകുപ്പിനെ യഥാസമയം അറിയിക്കുന്നു. ഇതു കൂടാതെ വീടുകൾ / കൃഷിയിടങ്ങളിൽ നിന്നും മിച്ചം വരുന്ന ചെറിയ അളവിൽ പോലും ഉള്ള ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. ദിനം പ്രതി കർഷകരിൽ നിന്നും ഉല്പന്നങ്ങൾ V.F.P.C.K / HORTICORP നിശ്ചയിക്കുന്ന സംഭരണ വിലയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്നു. വിപണി വിലയുടെ 50% പ്രാരംഭമായി കർഷകനു നൽകുകയും ബാക്കി തുക വിൽപ്പന പൂർത്തീകരി ച്ചതിനുശേഷം കർഷകന്റെ അക്കൗണ്ടിൽ വരവു വയ്ക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന ഉല്പന്നങ്ങളുടെ വിവരങ്ങൾ ആഴ്ചതോറും കൃഷി ഭവനെ അറിയിക്കുകയും കൂടാതെ ഉൽപ്പന്നങ്ങളുടെ അളവും കർഷകർ പ്രതീക്ഷിക്കുന്ന വിലയും നിർദ്ദിഷ്ട ആവശ്യത്തിന് തയ്യാറാക്കിയിട്ടുള്ള പോർട്ടലിൽ അപ് |

ലോഡ് ചെയ്യുന്നു. ഇതു കൂടാതെ ഫീൽഡ് പ്രശ്നങ്ങളായ വിളകളുടെ രോഗ / കീടബാധയെ സംബന്ധിച്ചുള്ള വിവരങ്ങൾ ടാബ് ലറ്റ് / മൊബൈൽ ഫോൺ മുഖേന ഉദ്യോഗസ്ഥർ / കോൾസെന്ററിനെ അറിയിച്ച് പരിഹാരം കണ്ടെത്തുന്നു. ഉല്പന്നങ്ങളുടെ വിവരം , കീടരോഗബാധയുടെ വിവരം, വിപണന സൗകര്യങ്ങളുടെ വിവരം എന്നീ മൂന്നു പ്രവർത്തനങ്ങളാണ് കർഷക മിത്ര നിർവഹിക്കുന്നത്.

**സെക്ഷൻ ഓഫീസർ**